# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:20.05.2024**

### പ്രധാനവാർത്തകൾ

1. ലോക്സഭാ തിരഞ്ഞെടുപ്പിന്റെ അഞ്ചാം ഘട്ട വോട്ടെടുപ്പ് പൂർത്തിയായി. അഞ്ച് മണിവരെയുള്ള കണക്കുകൾ പ്രകാരം 56.68 ശതമാനം പോളിംഗ് .

2. പെരുമ്പാവൂരിൽ നിയമവിദ്യാർഥിനിയെ കൊലപ്പെടുത്തിയ കേസിലെ പ്രതി അമീറുൽ ഇസ്ലാമിന്റെ വധശിക്ഷ ഹൈക്കോടതി ശരി വച്ചു.

3. സംസ്ഥാനത്ത് വ്യാപക മഴ തുടരുന്നു. പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ ഇന്നും നാളെയും ചുവപ്പു ജാഗ്രത. മത്സ്യബന്ധനത്തിന് വിലക്ക്.

4. പകർച്ച വ്യാധികൾക്കെതിരെ ആരോഗ്യ വകുപ്പിന്റെ ജാഗ്രത നിർദേശം; സംസ്ഥാനത്ത് വീണ്ടും മഞ്ഞപ്പിത്ത മരണം.

5. ഐപിഎൽ ക്രിക്കറ്റിൽ പ്ലേ ഓഫ് മത്സരങ്ങൾക്ക് നാളെ തുടക്കം.

*****************

RNU TVPM

## അഞ്ചാം ഘട്ട വോട്ടെടുപ്പ്

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ അഞ്ചാം ഘട്ട വോട്ടെടുപ്പ് പൂർത്തിയായി. 5 മണിവരെയുള്ള കണക്കുകൾ പ്രകാരം 56.68 ശതമാനം വോട്ടാണ് രേഖപ്പെടുത്തിയത്. ആറ് സംസ്ഥാനങ്ങളിലേയും രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളിലേയും 49 മണ്ഡലങ്ങളിലാണ് ഇന്ന് പോളിംഗ് നടന്നത്. ഏറ്റവും കൂടുതൽ പോളിംഗ് പശ്ചിമ ബംഗാളിലാണ് 73 ശതമാനം. ഏറ്റവും കുറവ് മഹാരാഷ്ട്രയിലാണ് 48.66 ശതമാനം.

*****************

## നിയമവിദ്യാർഥിനി-വധശിക്ഷ

പെരുമ്പാവൂരിൽ നിയമവിദ്യാർഥിനിയെ കൊലപ്പെടുത്തിയ കേസിലെ പ്രതി അമീറുൽ ഇസ്ലാമിന്റെ വധശിക്ഷ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ശരി വച്ചു. ബലാത്സംഗം, കൊലപാതകം, മാരകമായി മുറിവേൽപ്പിക്കൽ തുടങ്ങിയ കുറ്റങ്ങളാണ് പ്രതിക്കെതിരെ നേരത്തെ തെളിഞ്ഞത്. എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതി വിധിക്ക് എതിരെ പ്രതി സമർപ്പിച്ച അപ്പീൽ തള്ളിയാണ് ജസ്റ്റിസ് മാരായ പി ബി സുരേഷ് കുമാർ, എസ് മനു എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ്. 2016 ഏപ്രിൽ 28 നായിരുന്നു കേസിന് ആസ്പദമായ സംഭവം. എറണാകുളം ലോ കോളജിലെ എൽഎൽബി വിദ്യാർഥിനിയെ, അസം സ്വദേശിയായ പ്രതി വീട്ടിൽ അതിക്രമിച്ചു കയറി ഉപദ്രവിക്കാൻ ശ്രമിക്കുകയും എതിർത്തപ്പോൾ കൊലപ്പെടുത്തുകയും ചെയ്തു എന്നതാണ് പ്രോസിക്യൂഷൻ കേസ്.

RAJUTVPM

*****************

## മഴ -സംസ്ഥാനം

സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്നു. പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ ഇന്നും നാളെയും അതിതീവ്രമഴയ്ക്കുള്ള ചുവപ്പു ജാഗ്രത പ്രഖ്യാപിച്ചിരിക്കുകയാണ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും മറ്റു ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്. സംസ്ഥാനത്ത് ഈ മാസം 23 വരെ ശക്തമായ മഴ തുടരുമെന്നാണ് പ്രവചനം. കേരള- ലക്ഷദ്വീപ് തീരത്ത് നിന്ന് ഇനിയൊരു അറിയിപ്പുണ്ടാകുന്നതു വരെ കടലിൽ പോകരുതെന്ന് മുന്നറിയിപ്പുണ്ട്. മെയ് 31 ഓടെ കേരളത്തിൽ കാലവർഷം എത്തുമെന്നാണ് മുന്നറിയിപ്പ്. മുല്ലപ്പെരിയാർ അണക്കെട്ടിലെയും ഇടുക്കി ഡാമിലെയും ജലനിരപ്പിൽ വർധനയുണ്ട്.

*****************

## തിരുവനന്തപുരം -മഴ (ഇൻട്രോ)

കനത്ത മഴയിൽ തിരുവനന്തപുരം നഗരത്തിൽ ഇന്നും വെള്ളക്കെട്ട് രൂക്ഷം. ചാലയുൾപ്പെടെ നഗരത്തിലെ മിക്ക താഴ്ന്ന പ്രദേശങ്ങളിലും വെള്ളം കയറി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി റെജു കോലിയക്കോട്.

(വോയ്സ്)

*****************

## ഇടുക്കി - മന്ത്രി റോഷി അഗസ്റ്റിൻ

ഇടുക്കി ജില്ലയിൽ ഡെങ്കിപ്പനി ബാധിക്കുന്നവരുടെ എണ്ണം ഉയർന്ന സാഹചര്യത്തിൽ കൊതുക് നശീകരണ, മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങൾ ശക്തമാക്കുമെന്ന് മന്ത്രി റോഷി അഗസ്റ്റിൻ. ജില്ലയിലെ മഴക്കാല, ദുരന്ത നിവാരണ

RNU TVPM

മുന്നൊരുക്കങ്ങൾ  വിലയിരുത്തുന്നതിനായി ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

****************

## മണിയാർ ഡാം

പത്തനംതിട്ട മണിയാർ ബാരേജിലെ ജലനിരപ്പ്  34.62 മീറ്ററായി ക്രമീകരിക്കാനായി ഏതു സമയത്തും ബാരേജിന്റെ 5 സ്പിൽവെ ഷട്ടറുകളും ഉയർത്തി ജലം പുറത്തു വിടേണ്ടി വന്നേക്കുമെന്ന് ജില്ലാ കളക്ടർ  അറിയിച്ചു.  കക്കാട്ടാറിന്റെയും, പമ്പയാറിന്റെയും തീരത്ത്
താമസിക്കുന്നവർ ജാഗ്രത പുലർത്തണം.

****************

## കെ രാജൻ

സംസ്ഥാനത്ത് പ്രളയ സാധ്യതാ പ്രവചനമില്ലെന്നും ആശങ്ക വേണ്ടെന്നും മന്ത്രി കെ രാജൻ. തിരുവനന്തപുരത്ത് മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. മഴയുടെ പശ്ചാത്തലത്തിൽ കേരളത്തിലെ എല്ലാ കളക്ട്രേറ്റുകളിലും താലൂക്ക് ഓഫീസുകളിലും എമർജൻസി ഓപ്പറേഷൻ സെൻററ് തുടങ്ങിയെന്നും മന്ത്രി കെ രാജൻ അറിയിച്ചു. ആവശ്യമെങ്കിൽ ദുരിതാശ്വാസ ക്യാമ്പുകൾ  തുറക്കാൻ നിർദ്ദേശം നൽകിയതായും മന്ത്രി വ്യക്തമാക്കി.

RNUTVPM

****************

## വീണാ ജോർജ്

സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ ജില്ലകൾക്ക് ജാഗ്രതാ നിർദേശം നൽകിയതായി ആരോഗ്യമന്ത്രി വീണാ ജോർജ്. ഡെങ്കിപ്പനിയ്ക്കും എലിപ്പനിയ്ക്കും സാധ്യതയുണ്ടെന്നും പ്രതിരോധ നടപടികൾ കൈക്കൊള്ളണമെന്നും നിർദേശം നൽകിയിട്ടുണ്ട്. ചെളിയിലും കെട്ടിക്കിടക്കുന്ന വെള്ളത്തിലും ഇറങ്ങുന്നവർ

എലിപ്പനി പ്രതിരോധത്തിനായി ഡോക്സിസൈക്ലിൻ നിർബന്ധമായും കഴിക്കണമെന്നും ആരോഗ്യമന്ത്രി അറിയിച്ചു.

*****************

## മഞ്ഞപ്പിത്തം -മരണം

എറണാകുളം ജില്ലയിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിൽ മഞ്ഞപ്പിത്തം ബാധിച്ച് ചികിത്സയിൽ ഇരുന്ന ഒരാൾ കൂടി മരണമടഞ്ഞു. വേങ്ങൂർ പതിനൊന്നാം വാർഡിൽ കാർത്യായനി ആണ് മരിച്ചത്. മഞ്ഞപ്പിത്തം ബാധിച്ചതിനെ തുടർന്ന് കോട്ടയം മെഡിക്കൽ കോളേജിൽ ചികിത്സയിൽ ഇരിക്കവെയാണ് മരണം സംഭവിച്ചത്.

*****************

## വെസ്റ്റ് നൈൽ - മരണം

ഇടുക്കിയിൽ വെസ്റ്റ് നൈൽ പനി ബാധിച്ച് ചികിത്സയിലിരുന്നയാൾ മരിച്ചു. മണിയാറൻകുടി സ്വദേശി വിജയകുമാറാണ് മരിച്ചത്. വൃക്ക മാറ്റി വെയ്ക്കലുമായി ബന്ധപ്പെട്ട് കോഴിക്കോടെത്തിയ അദ്ദേഹം പനി ബാധിച്ചതിനെ തുടർന്ന് ഇടുക്കി മെഡിക്കൽ കോളജിൽ ചികിത്സ തേടുകയായിരുന്നു.

*****************

## എ കെ ശശീന്ദ്രൻ-യൂക്കാലിപ്റ്റസ്

വനത്തിൽ യൂക്കാലിപ്റ്റസ് മരങ്ങൾ നടാനുള്ള വനം വകുപ്പിന്റെ ഉത്തരവ് മരവിപ്പിച്ചതായി മന്ത്രി എ കെ ശശീന്ദ്രൻ. ഇത് സംബന്ധിച്ച് വനം വികസന കോർപ്പറേഷൻ എം ഡി യോട് വിശദീകരണം നൽകാൻ മന്ത്രി നിർദേശം നൽകി. വനം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയോട് റിപ്പോർട്ട് നൽകാനും മന്ത്രി എ കെ ശശീന്ദ്രൻ ആവശ്യപ്പെട്ടു.

*****************

PNU TVPM

## ഇബ്രാഹിം റൈസി ഹെലികോപ്റ്റർ അപകടം

ഹെലികോപ്റ്റർ അപകടത്തിൽ ഇറാൻ പ്രസിഡന്റ് ഇബ്രാഹിം റെയ്സി കൊല്ലപ്പെട്ടതിനെത്തുടർന്ന് ആക്ടിങ് പ്രസിഡന്റായി വൈസ് പ്രസിഡന്റ് മൊഹമ്മദ് മൊഖ്ബെർ നിയമിതനായി . ഇറാൻ പരമോന്നത നേതാവ് അയത്തൊള്ള അലി ഖമേനി ആണ് പുതിയ പ്രസിഡന്റിനെ നിയമിച്ചത്. രാജ്യത്ത് അഞ്ച് ദിവസത്തെ ദേശീയ ദുഃഖാചരണവും പ്രഖ്യാപിച്ചു. ഇറാൻ പ്രസിഡൻറ് ഇബ്രാഹിം റൈസിയുടെ വിയോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അഗാധ ദുഃഖവും നടുക്കവും രേഖപ്പെടുത്തി.

*****************

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ പ്ലേ ഓഫ് മത്സരങ്ങൾ നാളെ ആരംഭിക്കും. ഒന്നാം ക്വാളിഫയറിൽ സൺറൈസേഴ്സ് ഹൈദരാബാദ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സുമായി ഏറ്റുമുട്ടും. നാളെ രാത്രി 7.30 ന് അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിലാണ് മത്സരം.

*****************

## കോവാക്സിൻ

കോവാക്സിൻറെ പാർശ്വഫലങ്ങളെക്കുറിച്ച് ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റി നടത്തിയ പഠനവുമായി ബന്ധപ്പെട്ട ലേഖനം തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന് ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്. ഈ പഠനവുമായി തങ്ങൾക്കു ബന്ധമില്ലെന്നും ഗവേഷണത്തിന് സാമ്പത്തികമോ സാങ്കേതികമോ ആയ പിന്തുണ നൽകിയിട്ടില്ലെന്നും ഐസിഎംആർ പ്രസ്താവനയിൽ പറഞ്ഞു. ഐസിഎംആറിനോട് കൃതജ്ഞത രേഖപ്പെടുത്തുന്ന

RNU TVPM

അക്നോലെഡ്ജ്മെന്റ് ലേഖനത്തിൽ നിന്ന് ഉടൻ നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ട് ലേഖനം എഴുതിയവർക്കും ജേണലിൻറെ എഡിറ്റർക്കും ഐസിഎംആർ ഡയറക്ടർ ജനറൽ കത്തയച്ചു.

*****************

## <u>സൈനികൻ -മരണം</u>

മേഘാലയിൽ മലയാളി സൈനികൻ വെള്ളച്ചാട്ടത്തിൽ വീണ് മരിച്ചു. കോഴിക്കോട് അത്തോളി സ്വദേശി ഹവിൽദാർ അനീഷാണ് മരിച്ചത്. ചിറാപുഞ്ചിയിൽ വെള്ളച്ചാട്ടത്തിൽ വീണാണ് അപകടമെന്നാണ് ലഭിച്ച വിവരം. മൃതദേഹം നാളെ ഉച്ചയോടെ നാട്ടിലെത്തിക്കുമെന്ന് അധികൃതർ പറഞ്ഞു.

*****************

## <u>മെത്രാപ്പോലീത്ത - അന്തിമോപചാരം</u>

പത്തനംതിട്ട ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച് പരമാധ്യക്ഷൻ മൊറാൻ മോർ അത്തനേഷ്യസ് യോഹാൻ ഒന്നാമൻ മെത്രാപ്പോലീത്തക്ക് അന്തിമോപചാരം അർപ്പിച്ച് ആയിരങ്ങൾ. കബറടക്കം നാളെ രാവിലെ നിരണം സെന്റ് തോമസ് ഈസ്റ്റേൺ ചർച്ച് കത്തീഡ്രലിൽ നടക്കും. കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, മന്ത്രി സജി ചെറിയാൻ, ഗോവ ഗവർണർ പി.എസ് ശ്രീധരൻപിള്ള തുടങ്ങിയവർ അന്തിമോപചാരം അർപ്പിച്ചു. തിരുവല്ല നിരണം ബിലീവേഴ്സ് കൺവെൻഷൻ സെന്ററിൽ നാളെ രാവിലെ ഒൻപതു വരെ പൊതുദർശനം ഉണ്ടാകും.

*****************

## <u>കാസർകോട് കേസ്</u>

കാസർഗോഡ് പടന്നക്കാട്, വീട്ടിൽ ഉറങ്ങി കിടക്കുകയായിരുന്ന പെൺകുട്ടിയെ തട്ടി കൊണ്ടു പോയി പീഡിപ്പിച്ച കേസിലെ പ്രതിയെ പോലീസ് തിരിച്ചറിഞ്ഞു. കർണാടക കുടക് സ്വദേശിയായ ഇയാൾ

RNUTVPM

നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയാണെന്ന് പോലീസ് പറഞ്ഞു.

*****************

<u>തലസ്ഥാന റോഡ് - മനുഷ്യാവകാശ കമ്മീഷൻ</u>

തലസ്ഥാന നഗരത്തിലെ സ്മാർട്ട് റോഡുകളുടെ നിർമ്മാണം അനന്തമായി നീളുന്നതിനാൽ ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം തടസ്സപ്പെട്ടത് ചൂണ്ടിക്കാട്ടി സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തു. വിഷയത്തിൽ നഗരസഭാ സെക്രട്ടറി രണ്ടാഴ്ചക്കകം റിപ്പോർട്ട് നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു. കേസ് ജൂണിൽ പരിഗണിക്കും.

*****************

<u>ഫ്രഞ്ച് ഓപ്പൺ ടെന്നീസ്</u>

2024 ഫ്രഞ്ച് ഓപ്പൺ ടെന്നീസ് ടൂർണമെന്റിന് ഇന്ന് പാരിസിൽ തുടക്കമാകും. പുരുഷ സിംഗിൾസിൽ മത്സരിക്കാൻ ഇന്ത്യയുടെ സുമിത് നഗൽ ഇടം നേടി. 2019 ൽ പ്രജ്നേഷ് ഗുണേശ്വരന് ശേഷം ഇതാദ്യമായിയാണ് ഒരു ഇന്ത്യൻ പുരുഷ താരം ഫ്രഞ്ച് ഓപ്പൺ ടെന്നീസ് ടൂർണമെന്റിൽ മത്സരിക്കാൻ യോഗ്യത നേടുന്നത്.

*****************

*************

***

RNU TVPM